# ഗ്രാമീൺ കൃഷി മൗസം സേവാ

# കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ, വയനാട്ജില്ല

**എ.എ.ബി ബുള്ളറ്റിൻ നമ്പർ.:73/ 2025-2026**

**ദിവസം&തീയ്യതി: വെള്ളിയാഴ്ച്ച, 12.09.2025**

| കഴിഞ്ഞ വാരത്തിലെ സംക്ഷിപ്ത കാലാവസ്ഥ (Dated 05.09.25 to 11.09.25) | | | | | | | കാലാവസ്ഥാഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം: (Valid for 13.09.25 to 17.09.25) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 05/09 | 06/09 | 07/09 | 08/09 | 09/09 | 10/09 | 11/09 | തീയ്യതി | 13/09 | 14/09 | 15/09 | 16/09 | 17/09 |
| 12.4 | 8.2 | 1.2 | 0 | 0 | 0 | 0 | മഴ (മില്ലി.മീറ്റർ) | 0.2 | 0.1 | 0.1 | 1 | 4 |
| 24 | 24 | 24.8 | 25.8 | 27.2 | 27.4 | 27.6 | ഉയർന്ന താപനില ($^{o}$C) | 27 | 27 | 27 | 27 | 27 |
| 16 | 16 | 16 | 16.8 | 16.9 | 18.8 | 18.9 | കുറഞ്ഞ താപനില($^{o}$C) | 21 | 21 | 21 | 21 | 21 |
| 98 | 98 | 98 | 98 | 98 | 98 | 98 | കൂടിയഅന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| 87 | 87 | 85 | 89 | 85 | 73 | 74 | കുറഞ്ഞഅന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| 2.7 | 2.1 | 2.1 | 2.5 | 2.5 | 2.4 | 2.3 | കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 4 |
| SSW | SSW | SSW | SSW | SSW | NNW | NNW | കാറ്റിന്റെദിശ(ഡിഗ്രി | 250 | 230 | 230 | 250 | 230 |
| 7 | 7 | 7 | 7 | 7 | 7 | 7 | മേഘവ്യാപ്തി(ഒക്ട) | 7 | 7 | 7 | 8 | 8 |

**കാർഷിക കാലാവസ്ഥാ മുന്നറിയിപ്പുകൾ :** അടുത്ത ദിവസങ്ങളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മിതമായതോ കനത്തതോ ആയ മഴ പ്രതീക്ഷിക്കാം.

| വിളകൾ | കാർഷിക/മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|
| നെല്ല് | കർഷകർ കുലവാട്ടം, തവിട്ടുപുള്ളി രോഗം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുക. തണ്ടുതുരപ്പനെതിരേ ട്രൈക്കോഗ്രാം മുട്ടകാർഡുകൾ ഫലവത്താണ്. കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കും. പറിച്ചു നട്ട് 30 ദിവസത്തിനകം പാടത്ത് 20 കിലോഗ്രാം ചാണകത്തിൽ 1 കിലോഗ്രാം സ്യുഡോമോണാസ് എന്ന തോതിൽ കലർത്തി മണ്ണിൽ ചേർത്തു കൊടുക്കുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. ഗുണനിലവാരമുള്ള സ്യുഡോമോണാസ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ് |
| ഏലം | വിളവെടുപ്പ് തുടരുന്നു. രണ്ടാം ഘട്ടവളപ്രയോഗം നടത്താം. ഏക്കറിന് 33 കിലോഗ്രാം യൂറിയ, 75 കിലോഗ്രാം റൊക്ക് ഫൊസ്ഫേറ്റ്, 50 കിലോഗ്രാം പൊട്ടാഷ് തുടങ്ങിയ രാസവളങ്ങങ്ങൾ ചേർത്തുകൊടുക്കണം. അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ബോർഡോമിശ്രിതം 500–1000 മില്ലി/ഒരു മൂടിന് എന്ന തോതിൽ തളിക്കണം. തണ്ട്/പൂക്കുല തുരപ്പനെതിരെ ജാഗ്രത പാലിക്കുക. കടചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്വീഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. പുതിയ തൈകൾ നടാൻ അനുയോജ്യമായ സമയം. ഏലപ്പേനിനെതിരേ ജാഗ്രത പാലിക്കുക. |
| തെങ്ങ് (കൊമ്പൻചെല്ലി) | കൂമ്പുചീയൽ രോഗത്തിനെതിരെ മുൻകരുതലുകൾ നടപടികൾ സ്വീകരിക്കുക. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, ചെന്നീരൊലിപ്പ്, മഹാളി മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. |
| കമുക് (മഹാളി) | കമുകിന് രാസവളപ്രയോഗം. ഒന്നിന് 110 ഗ്രാം യൂറിയ, 100 ഗ്രാം റൊക്ക് ഫൊസ്ഫേറ്റ്, 120 ഗ്രാം പൊട്ടാഷ് തുടങ്ങിയ രാസവളങ്ങങ്ങൾ തടത്തിൽ ചേർത്തുകൊടുക്കണം. കൂമ്പുചീയൽ, മഹാളി മുതലായ രോഗങ്ങൾക്കെതിരെ ബോർഡോമശ്രിതം തളിക്കണം. റൊസിൽസോഡ ചേർത്തു തളിച്ചാൽ മിശ്രിതം പൂങ്കുലകളിൽ പറ്റിപ്പിടിക്കും. കുരുത്തോലച്ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പാലിക്കുക. |
| കുരുമുളക് (ദ്രുതവാട്ടം) | ദ്രുതവാട്ടം തടയുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം ഇലകളിലും തണ്ടിലും നന്നായി പതിയത്തക്ക വിധം തളിക്കുക. കുറച്ചു മിശ്രിതം ചുവട്ടിലും ഒഴിക്കണം. ഉണങ്ങിയതും നിലത്തുകൂടി പടരുന്നതുമായ വള്ളികൾ നീക്കം ചെയ്യുക. കുരുമുളകിന് ചുവടോന്നിന് 500 ഗ്രാം കുമ്മായവും അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞ് 2 കിലോ വേപ്പിൻപ്പിണ്ണാക്കും ചേർത്തു കൊടുക്കണം. തടം തുറക്കുന്നത് ദ്രുതവാട്ടം വരാനുള്ള സാധ്യത കൂട്ടും. ദ്രുതവാട്ടത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്വീഡോമോണാസ് കൾച്ചറുകൾ ഉപയോഗിക്കുക.പൊള്ളു രോഗം, പൊള്ളു വണ്ട് എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കുക. |
| വാഴ | വാഴകൃഷിയിൽ വിളവെടുപ്പുകാലം. നേന്ത്രവാഴകൃഷി സെപ്റ്റംബർ അവസാനം ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുക. കുലകൾ വെട്ടിമാറ്റിയതിനുശേഷം കന്നുകൾ ഇളക്കിയെടുക്കുക. സൂചിക്കന്നുകളാണ് നടുന്നതിന് നല്ലത്. വേരുകൾ നീക്കം ചെയ്ത ശേഷം കന്ന് ചാണക വെള്ളത്തിൽ മുക്കി ചാരം പൂശി 3-4 ദിവസം വെയിലത്ത് ഉണക്കണം. പിന്നീട് രണ്ടാഴ്ച തണലത്ത് മഴ നനയാതെ സൂക്ഷിച്ച് നടാൻ ഉപയോഗിക്കാം. കൂടിയ അന്തരീക്ഷ ആർദ്രതയും ഊഷ്മാവും കാരണം വാഴയിൽ |

| | |
|---|---|
| | ഇലപ്പുള്ളി രോഗം വരാനുള്ള സാധ്യത കൂടുതലാണ്. രോഗത്തെ പ്രതിരോധിക്കാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കവുന്നതാണ്. തോട്ടം വൃത്തിയായി സൂക്ഷിക്കുക. തടതുരപ്പന്റെ ആക്രമണത്തിനെതിരേ ജാഗ്രത പാലിക്കേണ്ടതാണ്. |
| **ഇഞ്ചി/മഞ്ഞൾ** | രോഗം ബാധിച്ച തോട്ടങ്ങളിൽ 1% വീര്യമുള്ള ബോർഡോമിശ്രിതമോ മങ്കൊസെബോ (3 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) തടത്തിൽ ഒഴിച്ചു കൊടുക്കേണ്ടതാണ്. മൂടുചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്വീഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ജൈവാംശം കൂട്ടുന്നതിനും പച്ചില കൊണ്ട് പുതയിടേണ്ടതാണ്. നാറ്റപൂച്ചെടി ഉപയോഗിച്ച് പുതയിടുകയാണെങ്കിൽ തണ്ടുതുരപ്പന്റെ ശല്യം കുറഞ്ഞു കിട്ടും. |
| **കാപ്പി** | കായ് തുരപ്പനെ നിയന്ത്രിക്കാൻ വീണുകിടക്കുന്ന/കീടബാധയേറ്റ കായ്കൾ നശിപ്പിക്കുകയും തണൽ ക്രമീകരിക്കുകയും വേണം. |
| **മൃഗ സംരക്ഷണം** | കാലിത്തീറ്റ സംഭരിച്ചു വക്കുന്ന സ്ഥലങ്ങളിൽ നനവ് ഇല്ലാതെ സൂക്ഷിക്കുന്നത് വഴി ഭക്ഷ്യവിഷബാധ ഒഴിവാക്കാം.എലികളുടെ ആക്രമണം തടയുക വഴി എലിപ്പനി രോഗം തടയുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സുക്ഷിക്കുകയും ഭക്ഷണ അവശിഷ്ടങ്ങളും ചപ്പുചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക. |
| പ്രാദേശികകാർഷികഗവേഷണകേന്ദ്രം അമ്പലവയലും ഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായിഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത് | |